# ദൗത്യം വിജയിച്ചു

**ഡോ. കെ.ടി ജലീൽ എം.എൽ.എ**



**അറബി** ചുവയില്ലാത്ത, അറബി മലയാളത്തിലല്ലാത്ത ഒരു ഇസ്‌ലാമിക പ്രസിദ്ധീകരണം ആരംഭിക്കുന്നതിലെ അതിസാഹസികതയെക്കുറിച്ച് ചിന്തിക്കുന്ന കാലത്താണ് 'പ്രബോധനം' എന്ന മലയാള വാക്ക് നാമമായി സ്വീകരിച്ചുകൊണ്ട് ശുദ്ധ മലയാളത്തിൽ *പ്രബോധനം* പ്രസിദ്ധീകരണം ആരംഭിച്ചത്. രണ്ടാം ലോകയുദ്ധാനന്തരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങൾ ശക്തിപ്പെട്ടുവന്നു. അതിന്റെ അനുരണനങ്ങളിൽനിന്ന് വേറിട്ടുനിൽക്കാൻ മലയാള മണ്ണിനും സാധിച്ചില്ല. 1940കൾക്ക് ശേഷം കേരളത്തിൽ ആധുനിക കാഴ്ചപ്പാടിൽ ഇസ്‌ലാമിനെ നോക്കിക്കാണുകയും നിരീക്ഷിക്കുകയും ആ നിരീക്ഷണത്തിന്റെ ഫലം ജനങ്ങളോട് പങ്കുവെക്കുകയും ചെയ്യുന്ന ചെറിയ ചെറിയ സംഘങ്ങളുടെ ഉത്ഭവം കാണാൻ കഴിയും. അത്തരമൊരു ചെറിയ സംഘത്തിന്റെ പരിശ്രമത്തിന്റെ സാക്ഷാത്കാരമായിരുന്നു *പ്രബോധന*ത്തിന്റെ പിറവി. ലോക ഇസ്‌ലാമിക പണ്ഡിതന്മാരെക്കുറിച്ചും ആധുനിക കാഴ്ചപ്പാടിൽ ഇസ്‌ലാമിനെ എങ്ങനെയാണ് അവതരിപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ചും കേരളീയ സമൂഹത്തിന് വ്യക്തമായ അവബോധം *പ്രബോധനം* പ്രദാനം ചെയ്തു. പാരമ്പര്യേതര മാർഗങ്ങളിൽനിന്നും ശീലങ്ങളിൽനിന്നും മുക്തമായി ഒരു പുതിയ വഴി പ്രബോധനപരമായ തലത്തിൽ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ടെന്ന് *പ്രബോധന*ത്തിന്റെ പിന്നിൽ പ്രവർത്തിച്ചവർ ആഗ്രഹിച്ചു. ആ ആഗ്രഹത്തിന്റെ ആവിഷ്കാരമായിരുന്നു *പ്രബോധന*ത്തിന്റെ പ്രസിദ്ധീകൃതമായ ഓരോ ലേഖനവും. മുസ്‌ലിമേതര സമൂഹത്തിൽ ഇസ്‌ലാമിന്റെ യഥാർഥ മുഖം പരിചയപ്പെടുത്തുന്നതിൽ *പ്രബോധനം* വഹിച്ച പങ്ക് ശ്ലാഘനീയവും മാതൃകാപരവുമായിരുന്നു. അതുകൊണ്ടുതന്നെയാവണം കേരളത്തിലെ അമുസ്‌ലിം സമൂഹങ്ങളിൽ പെടുന്ന പ്രശസ്തരും പ്രഗത്ഭരുമായ ധാരാളം പേർക്ക് മുസ്‌ലിം സംഘടനകൾക്കിടയിൽ ജമാഅത്തെ ഇസ്‌ലാമിയുമായി കൂടുതൽ ബന്ധവും അടുപ്പവും ഉണ്ടായത്. *പ്രബോധന*മാണ് ഇസ്‌ലാമിനെ തനതായ രൂപത്തിലും അർഥത്തിലും ഭാവത്തിലും മലയാളിക്ക് പരിചയപ്പെടുത്തിയത് എന്നു പറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ല.

1975 ജൂലൈയിൽ അടിയന്തരാവസ്ഥ പ്രഖ്യാപനത്തെ തുടർന്ന് സീൽ വെക്കപ്പെട്ട *പ്രബോധനം* ഏതാണ്ട് രണ്ടു വർഷം പ്രസിദ്ധീകരിച്ചില്ല. 1977-ലാണ് വീണ്ടും പ്രസിദ്ധീകരണം തുടങ്ങിയത്. ആദർശ സമര പോരാട്ടത്തിന്റെ വീഥിയിൽ കേരളത്തിൽ ഒരു പ്രസിദ്ധീകരണത്തിന് നിരോധനത്തെ നേരിടേണ്ടിവന്നത് *പ്രബോധന*ത്തിന് മാത്രമായിരിക്കും. എന്തുകൊണ്ടാണ് രാഷ്ട്രീയ പാർട്ടികൾ നിരോധിക്കപ്പെട്ട, രാഷ്ട്രീയ പ്രസിദ്ധീകരണങ്ങൾ സീൽവെക്കപ്പെട്ട കാലത്ത് *പ്രബോധനം* സീൽവെക്കപ്പെട്ടത്? അധികാരികൾ ആഗ്രഹിക്കുന്നതുപോലെ ഇസ്‌ലാമിനെ പരി

മിതമായ വൃത്തത്തിൽ പരിചയപ്പെടുത്താൻ *പ്രബോധനം* തയാറായില്ല എന്നതിന്റെ ഏറ്റവും വലിയ സാക്ഷ്യപത്രം അടിയന്താരവസ്ഥക്കാലത്ത് *പ്രബോധനം* നിരോധിക്കപ്പെട്ടതാണ്.

സാമ്പത്തിക ശാസ്ത്രങ്ങൾക്ക് മേൽക്കോയ്മ ലഭിച്ച ഒരു കാലത്ത്, ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തെ സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിൽ *പ്രബോധന*ത്തിന്റെ താളുകൾ വഹിച്ച പങ്ക് വളരെ വലിയതാണ്. ഇസ്‌ലാമിക് ബാങ്കിംഗ് എന്ന കൺസപ്റ്റ് ഗവൺമെന്റ് അംഗീകരിച്ചു. കേരളത്തിന്റെ ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് മുൻകൈയെടുത്തുകൊണ്ട് തന്നെ ഇസ്‌ലാമിക് ബാങ്കിംഗ് സമ്പ്രദായം കേരളത്തിന്റെ നിക്ഷേപതലത്തിൽ സ്വീകരിക്കാൻ രംഗത്തുവന്നിരിക്കുന്നു. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രം എന്ന കൺസപ്റ്റ് മലയാളത്തിന് പരിചയപ്പെടുത്തിയത് *പ്രബോധന*മാണെന്ന് പറഞ്ഞാൽ അത് തെറ്റാകില്ല. ആ വിഷയത്തിൽ *പ്രബോധന*ത്തിന്റെ ദൗത്യം സമ്പൂർണ അർഥത്തിൽ വിജയിച്ചിരിക്കുന്നു.

മതത്തിൽനിന്ന് വേറിട്ട ഒരു വ്യക്തിത്വം രാഷ്ട്രീയത്തിനില്ല എന്ന് ജമാഅത്തെ ഇസ്‌ലാമിയും *പ്രബോധന*വും ഒരുകാലത്ത് പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തോട് വൈമുഖ്യം കാണിച്ച് പുറംതിരിഞ്ഞുനിന്ന നിരവധി പേരുണ്ടായിരുന്നു. പക്ഷേ കാലാന്തരത്തിൽ, മതമൂല്യങ്ങളെ മാറ്റിനിർത്തുന്ന രാഷ്ട്രീയ പ്രവർത്തനം മൂല്യങ്ങളുടെ ശവപ്പറമ്പാകുന്ന ഒരു രാഷ്ട്രീയ പ്രതലത്തിലേക്കായിരിക്കും നമ്മെ നയിക്കുക എന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടായി. *പ്രബോധനം* ഒരുകാലത്ത് മുന്നോട്ടുവെച്ച ആശയത്തിന് പിൽക്കാലത്ത് സമൂഹത്തിന്റെ അംഗീകാരം ലഭിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ദൗത്യനിർവഹണ പാതയിൽ ഇനിയും *പ്രബോധന*ത്തിന് ഒരുപാട് മുന്നോട്ടുപോകാനുണ്ട്. നേടിയതിനെക്കുറിച്ചല്ല, ഇനിയും നേടാനിരിക്കുന്നതിനെ അത്യുത്സാഹപൂർവം തേടുന്ന അന്വേഷണകുതുകികളുടെ സ്ഥാനത്താണ് *പ്രബോധന*ത്തിന്റെ പിന്നണി പ്രവർത്തകർ ഉണ്ടാകേണ്ടത്. ഒരുപാട് പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ട ചരിത്ര ഘട്ടത്തിലാണ് ഇന്ത്യയിലെ ജനങ്ങളുള്ളത്. ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെട്ട ഒരു കാലം ഉണ്ടായിരുന്നു. ആ കാലത്തിന്റെ പുനഃസൃഷ്ടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. തെറ്റിദ്ധരിക്കപ്പെട്ട മതത്തിൽനിന്ന് തെറ്റിദ്ധാരണയുടെ മൂടുപടം വകഞ്ഞുമാറ്റി അതിന്റെ യഥാർഥ മുഖം ലോകത്തിന് കാണിച്ചുകൊടുത്ത ബുദ്ധിജീവികൾ, ചിന്തകന്മാർ, പണ്ഡിതന്മാർ ധാരാളമുണ്ട്. അവരുടെ ചിന്തകളും ആലോചനകളും മൊഴിമാറ്റി കേരളത്തിന് പകർന്നു കൊടുത്ത *പ്രബോധന*ത്തിന് ഈ ആധുനികകാലത്തിന്റെ ദശാസന്ധിയിലും വലിയ ചരിത്ര ധർമമാണ് നിർവഹിക്കാനുള്ളത്. തീവ്രവാദവും ഭീകരവാദവും ഇസ്‌ലാമിന്റെ അവിഭാജ്യമായ സന്തതികളും ഘടകങ്ങളുമാണ് എന്ന് പ്രചരിപ്പിക്കപ്പെടുന്ന ശപിക്കപ്പെട്ട കാലത്ത് അതിനെതിരായ പ്രചാരണത്തിൽ വ്യാപൃതരാണ് ലോകത്തിന്റെ വിവിധ ദിക്കിലെ ചിന്തകരും പണ്ഡിതന്മാരും. ആ വഴിയിൽ *പ്രബോധനം* അടിയുറച്ച നിലപാട് സ്വീകരിക്കുന്നുവെന്നത് സന്തോഷകരമാണ്. ആദർശനിഷ്ഠയുടെ പാശം മുറുകെ പിടിച്ച് പതിറ്റാണ്ടുകളും നൂറ്റാണ്ടുകളും മുന്നോട്ടുപോകാനും ലോകജനതക്ക് ശരിയുടെ വഴി കാണിക്കാനും *പ്രബോധന*ത്തിന് സാധിക്കട്ടെ. ■